# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ആക്കൽ എൽ.വിഎൽ.പി.സ്കൂൾ |
| വിദ്യാഭ്യാസ ജില്ല | : | വടകര |
| ഉപജില്ല | : | കുന്നുമ്മൽ |
| പഞ്ചായത്ത് | : | കായക്കൊടി |
| ബി.ആർ.സി. | : | കുന്നുമ്മൽ |

# ആമുഖം

കായക്കൊടി ഗ്രാമപഞ്ചായത്തിലെ കിഴക്കൻ മലകളുടെ പ്രകൃതിരമണീയതയിൽ കുളിച്ചുനിൽക്കുന്ന ആക്കൽ പ്രദേശത്തെ അക്ഷരഗോപുര ഗ്രാമമായ എള്ളീക്കാംപാറയിലെ സാമൂഹ്യനിർമ്മിതിയിൽ ഏറെ പ്രാധാന്യം വഹിക്കുന്ന നമ്മുടെ വിദ്യാലയം 67 വർഷങ്ങൾക്ക് മുമ്പ് 1954 ഏപ്രിൽ മാസത്തിൽ ആക്കൽ എൽ..വി.എൽ.പി സ്കൂൾ നില വിൽ വന്നു. ആധുനിക സൗകര്യങ്ങളൊന്നും എത്തിനോക്കിയിട്ടില്ലാത്ത ഒരു കുഗ്രാമമാ യിരുന്നു അന്ന് ഈ പ്രദേശം. ആക്കലിടം എന്ന നാടുവാഴി തറവാടിന്റെ പേരിൽ നിന്നാ ണ് ഈ പ്രദേശത്തിന് ആക്ക ൽ എന്ന പേര് വന്നുചേർന്നത്. പിന്നീട് നാൾവഴികളിലെ സ്കൂൾ പ്രവർത്തനങ്ങൾ ഓരോ കാലഘട്ടത്തെയും പ്രതിനിധീകരിക്കുന്നതായിരുന്നു.

ശ്രീ. കെ.കെ. കൃഷ്ണൻ മാസ്റ്റർ, കെ. നാരായണൻ അടിയോടി എന്നിവരുടെ ശ്രമ ഫലമായി ഈ പ്രദേശത്ത് ഒരു സ്കൂളിനുവേണ്ടിയുള്ള സർവേ നടത്തുകയും നാട്ടുകാരു ടെ സഹകരണത്തോടുകൂടി 1954 ൽ സ്കൂൾ പ്രവർത്തിച്ചു തുടങ്ങുകയും ചെയ്തു. 1959 മുതൽ ശ്രീ. കെ. നാരായൺ അടിയോടിയിൽ നിന്ന് മാനേജർ സ്ഥാനം ശ്രീ. പി.പി. ചാത്തു ഏറ്റെടുത്തു. പരമിതമായ ഭൗതിക സാഹചര്യത്തിൽ നടത്തിക്കൊണ്ടു പോയ ഈ സ്ഥാപനം ഇപ്പോഴത്തെ മാനേജരായ ശ്രീ. ഇ.കെ. നാണു ഏറ്റെടുത്ത ശേഷം അസൂയ്യാവഹമായ വളർച്ചയാണ് സ്കൂളിനുണ്ടായിട്ടുള്ളത്. ഹയർസെക്കണ്ടറി സ്കൂളി നെ വെല്ലുന്ന ഭൗതിക സാഹചര്യം ഇന്ന് ഈ സ്കൂളിനുണ്ട്.

# കാഴ്ചപ്പാട്

എൽ.പി. തലത്തിലേക്കാൾ വിദ്യാലയം ഉയർന്ന കാഴ്ച്ചപ്പാടുകൾ മുന്നോട്ടുവയ് ക്കുന്നുണ്ടെങ്കിലും അക്കാദമിക പ്രവർത്തനങ്ങൾ അന്താരാ ഷ്ട്രനിലവാരത്തിലേക്ക് ഉയ ർത്താനാവശ്യമായ പ്രവർത്തനങ്ങൾക്കാണ് ഞങ്ങൾ മുൻഗണന നൽകുന്നത്. വിവിധ ക്ലാസുകളിലായി ചില വിഷയങ്ങളിൽ പുറകോട്ടുനിൽക്കുന്ന വിദ്യാർത്ഥികളെ മുൻപന്തി യിലേക്ക് കൊണ്ടുവരാനുള്ള പ്രവർത്തനങ്ങളും മുൻപന്തിയിലുള്ളവരെ മികച്ച നിലവാര ത്തിലേക്ക് എത്തിക്കുന്നതിനും മികച്ച സാമൂഹ്യ പങ്കാളിത്തം ഉണ്ടാക്കിയെടുക്കുന്ന രീതി യിലേക്കുള്ള നിർദ്ദേശങ്ങളാണ് മുന്നോട്ട് വയ്ക്കുന്നത്._

# ലക്ഷ്യങ്ങൾ

* മത നിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്ത രീക്ഷത്തി ൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം, സമസ്ത ജനവി ഭാഗങ്ങൾക്കും ഉറപ്പു വരുത്തുക.
* അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേ ക്ഷ്യത്തോ ടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
* അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരി ക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.
* എൽ.കെ.ജി. മുതൽ നാലാം ക്ലാസുവരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷ യാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷി കൾക്ക് ഊന്നൽ നൽകി പ്രവർത്തനങ്ങൾ സമയബന്ധിതമായി രൂപപ്പെടു ത്തൽ.
* ലോകത്തെവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജിച്ചതിനേക്കാൾ മിക വാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ആക്കൽ എൽ.വി.എൽ.പി. സ്കൂൾ |
| വിലാസം | : | ആക്കൽ പി.ഒ, കാവിലുംപാറ വഴി, കോഴിക്കോട് ജില്ല പിൻ 673513 |
| ഫോൺ | : | 04962588170 |
| സ്കളൂൾ കോഡ് | : | 16402 |
| വിദ്യാഭ്യാസ ജില്ല | : | കുന്നുമ്മൽ |
| റവന്യു ജില്ല | : | കോഴിക്കോട് |
| ബി.ആർ.സി. | : | വട്ടോളി |
| സി.ആർ.സി. | : | കായക്കൊടി |
| ഗ്രാമപഞ്ചായത്ത് | : | കായക്കൊടി |
| വാർഡ് | : | V -ാം വാർഡ് |
| ബ്ലോക്ക് പഞ്ചായത്ത് | : | കുന്നുമ്മൽ |
| ജില്ലാ പഞ്ചായത്ത് | : | കോഴിക്കോട് |
| നിയമസഭാമണ്ഡലം | : | നാദാപുരം |
| ലോക്സഭാ മണ്ഡലം | : | വടകര |
| താലൂക്ക് | : | വടകര |
| ജില്ല | : | കോഴിക്കോട് |

# അവസ്ഥാ വിശകലനം

കായക്കൊടിയുടെ ഗ്രാമീണസൗന്ദര്യം വിളിച്ചോതുന്ന എള്ളീക്കാംപാറയിലെ ഒന്നര ഏക്കർ സ്ഥലത്ത് മൂന്ന് നിലകളിൽ ആധുനീക സജ്ജീകരണത്താൽ നിർമ്മിച്ച ഇരുപത്തഞ്ച് ക്ലാസ്മുറികളും, മീറ്റിംഗ് ഹാളും, ആധുനിക ഫർണീച്ചറുകളിൽ നിർമ്മിച്ച ലൈബ്രറിയും കമ്പ്യൂട്ടർലാബും പ്രവർത്തിക്കുന്നു. ഏഴ് വീഡിയോ ക്ലാസ്സ്റൂമുക ളും രണ്ട് സ്മാർട്ട് ക്ലാസ്സ് റൂമുകളും സി.സി.ടി.വി സൗകര്യവും ഇതോടൊപ്പവുമുണ്ട്. പുറമെ, മുഴുവൻ വിദ്യാർത്ഥികൾക്കും ഇരുന്ന് ഭക്ഷണം കഴിക്കാൻ പാകത്തിൽ തയ്യാ റാക്കിയ ഭക്ഷണപുരയും, പതിനഞ്ചോളം ടോയ്ലറ്റുകളും, വാഷിംങ് സൗകര്യവും പ്ര ത്യേകസ്ഥലങ്ങളിൽ സ്കൂളിനുണ്ട്. വിദ്യാർത്ഥികൾക്ക് ഗ്രൗണ്ടിനു പുറമെ ഉല്ലാസകര മായി കളിക്കാൻ വിവിധ റൈഡുകളും, ഊഞ്ഞാലുകളും ഉൾപ്പെടെ കിഡ്സ്പാർക്കും സ്കൂൾബിൽഡിങ്ങിനോട് ചേർന്നുകിടക്കുന്നു. സ്കൂൾ കോമ്പൗണ്ട് മതിലുകളാൽ ചു റ്റപ്പെട്ടത് വിദ്യാർത്ഥികളുടെ സുരക്ഷയ്ക്ക് ഊന്നൽ നൽകുന്നു. എൽ.കെ.ജി മുതൽ അഞ്ചാം ക്ലാസ്സുവരെ 162 വിദ്യാർത്ഥികളും 19 അധ്യാപകരും 2 ആയമാരും സ്കൂളിൽ ജോലി ചെയ്യുന്നു.

# ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

## ലക്ഷ്യങ്ങൾ

* ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു. എഴുതുന്നു.
* അഞ്ച് വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
* ഒറ്റ സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു
* സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ ആക്കുന്നു
* രണ്ട് ഒറ്റ സംഖ്യകളുടെ സങ്കലനം.
* രണ്ട് സംഖ്യകളുടെ വ്യാഖ്യാനം.
* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു
* ഒറ്റ സംഖ്യാ പാറ്റേൺ രൂപീകരിക്കൽ.
* ഒറ്റ സംഖ്യയും ഇരട്ട സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിതപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

## ജൂൺ

* സംഖ്യകൾ തിരിച്ചറിയുന്നു പറയുന്നു.
* സംഖ്യാ കാർഡ് നിർമ്മിക്കൽ.

## ജൂലൈ

ഗണിത പഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.

- സംഖ്യാചാർട്ട് തയ്യാറാക്കുന്നു.

## ഓഗസ്റ്റ്

* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
* കൂട്ടൽ, കുറവ് തിരിച്ചറിയുന്നു.
* ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

* സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ.
* ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തൽ.
* ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
* ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
* സംഖ്യാഗാനങ്ങൾ ആലപിക്കൽ

## ഒക്ടോബർ

* ഒറ്റ സംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ.
* ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റ സംഖ്യ, ഇരട്ട സംഖ്യ എന്ന തിരിച്ചറിവ്.
* വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
* ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

## നവംബർ

* സംഖ്യാഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
* ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന

പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ഡിസംബർ

* സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ.
* ഗണിത ആൽബം തയ്യാറാക്കൽ.

## ജനുവരി

* ഒറ്റസംഖ്യയും ഇരട്ടസംഖ്യയും തമ്മിലുള്ള വ്യവകലന പ്രക്രിയയിൽ ഏർപ്പെടുന്നു.
* സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
* ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു

## ഫെബ്രുവരി

* ഗണിത ആൽബം പി.ടി.എയിൽ പ്രദർശിപ്പിക്കുന്നു.
* വില വിവര പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച്

* ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ കംപ്ലീറ്റ് ചെയ്യുന്നു
* ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
* ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ.
* സംഖ്യകളുടെ പകുതി, മൂല്യം എന്നിവ തിരിച്ചറിയുന്നു.

# ആമുഖം

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്ക്കരിക്കുകയും ഒന്നാം വർഷത്തെ വിനിമയനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്ത ഡയറി, രചനോത്സവം, പാഠരംഗ്, വായനോത്സവം എന്നിവക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. വിദ്യാഭ്യാസ മന്ത്രി തന്നെ കുട്ടികളുടെ ഡയറികൾ എഡിറ്റ് ചെയ്ത് 'കുരുന്നെഴുത്തുകൾ' എന്ന പേരിൽ പുസ്തകം പ്രസിദ്ധീകരിച്ചു. ഒന്നാം ക്ലാസിലെ കുട്ടികൾ സ്വതന്ത്രവായനക്കാരായതിന്റെയും പരസഹായമില്ലാതെ തങ്ങളുടെ ആശയങ്ങൾ എഴുതി പ്രകടിപ്പിക്കാൻ കഴിവ് നേടിയതിന്റെയും വിളംബരമായിരുന്നു വർഷാവസാനം നടത്തിയ പഠനോത്സവം. വാർഷിക പരീക്ഷയിലും കുട്ടികൾ ചോദ്യം തനിയെ വായിച്ച് ഉത്തരം എഴുതുകയുണ്ടായി. ഭാഷാശേഷികളുടെ കാര്യത്തിൽ ഉണ്ടായ മികവ് നിലനിർത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ്. അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അതിനുവേണ്ടിയാണ്.

## അവസ്ഥാ വിശകലനം

### കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ.

ഈ അക്കാദമിക വർഷം ഒന്നാം ക്ലാസ്സിൽ 36 കുട്ടികളാണ് പ്രവേശനം നേടിയത്. അതിൽ പ്രീപ്രൈമറി, അങ്കണവാടി അനുഭവമുള്ളവരാണ് എല്ലാവരും.

### വാർഷിക ലക്ഷ്യങ്ങൾ (മലയാളം)

* പൊതുസദസ്സിന് മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ. എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക. ഓരോ കുട്ടിയും ലഘുബാല സാഹിത്യ കൃതികൾ ഒഴുക്കോടെ വായിക്കാനുള്ള കഴിവ് നേടുക
* ഓരോ കുട്ടിയും വായിച്ച് മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റ് രീതികളിലും പങ്കിടാനുള്ള കഴിവ് നേടുക.
* ഓരോ കുട്ടിയും സദസ്സിന് മുമ്പാകെ നിശ്ചിത കാര്യങ്ങൾ, ആശയ വ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക.
* ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി, വിവരണം, സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.

വാർഷിക ലക്ഷ്യങ്ങൾ തിരുമാനിച്ച് ഒരു വർഷത്തേക്കുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കുന്ന രീതിയിലാണ് കഴിഞ്ഞ വർഷം അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഓരോ മാസത്തെയും പ്രവർത്തനങ്ങളുടെയും ഫലപ്രാപ്തിയാണ് വർഷാവസാനം ഉണ്ടാവുക. ഓരോ മാസവും ചിട്ടയായി ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഓരോ മാസവും സാധ്യായ ദിനങ്ങൾ പ്രതീക്ഷിച്ചപോലെ ലഭിക്കണമെന്നില്ല. അപ്പോൾ അനുയോജ്യമായ മാറ്റം വരുത്താൻ കഴിയണം. അതുപോലെ കുട്ടികളുടെ നിലവാരവും വേണ്ട പിന്തുണയും പരിഗണിച്ചും ഭേദഗതികൾ ആവശ്യമാണ്. നിരന്തര വിലയിരുത്തലിന്റെ അന്തസത്തയോട് നീതി പുലർത്തുന്നതിനായി ഈ വർഷം വാർഷിക ലക്ഷ്യങ്ങൾ തിരുമാനിച്ച ശേഷം പ്രതിമാസ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും തയ്യാറാക്കുന്ന രീതിയാണ് അവലംബിക്കുന്നത്. ഓരോ മാസവും ക്ലാസ് പി.ടി.എ. യിൽ ചർച്ച ചെയ്യുന്നതിനും സഹായകം ഇതാണ്.

* ഓരോ കുട്ടിയും സർഗ്ഗാത്മക രചന നടത്താനുള്ള കഴിവ് നേടുക.
* ഓരോ കുട്ടിയുടെയും സർഗ്ഗാത്മക രചനകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുക.
* ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക.
* ഓരോ കുട്ടിയുടെയും പഠനത്തെളിവുകളടങ്ങിയ അടിസ്ഥാനരേഖ രൂപപ്പെടുത്തുക.

ജൂൺമാസത്തെ പ്രധാനലക്ഷ്യങ്ങൾ.

* പൂർണ്ണ പങ്കാളിത്തമുള്ള ക്ലാസ് പി.ടി.എ ഉറപ്പാക്കുക.
* എല്ലാ കുട്ടികൾക്കും സ്വതന്ത്ര ഭാഷണത്തിന് അവസരം സൃഷ്ടിക്കുക.
* രക്ഷിതാവ് കുട്ടിക്ക് ഭാവാത്മകമായി കഥ വായിച്ച് കേൾപ്പിക്കുന്ന വായനോത്സവം സംഘടിപ്പിക്കുക.
* വായിച്ച് കേട്ട കഥ ക്ലാസിൽ ആശയച്ചോർച്ചയില്ലാതെ ഭാവാത്മകമായി അവതരിപ്പിക്കുന്ന കഥാവേള നടത്തുക.
* ഓരോ ദിവസവും പരിചയപ്പെടുന്ന അക്ഷരങ്ങളും ചിഹ്നങ്ങളും പുതിയ സന്ദർഭത്തിൽ തിരിച്ചറിയാനും വായിക്കാനുമുള്ള വായനാകാർഡുകളുടെ വായന.
* പരിചയപ്പെട്ട പാട്ടുകൾ ഒറ്റയ്ക്കും കൂട്ടായും താളമിട്ട് സദസ്സിനു മുമ്പാകെ അവതരിപ്പിക്കുന്ന [illegible] പാട്ടരങ്ങ് നടത്തുക.
* ഓരോ കുട്ടിയുടെയും പഠനലക്ഷ്യത്തിന്റെയും പ്രവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ സംയുക്ത വിലയിരുത്തൽ നടത്തുക.
* എല്ലാ കുട്ടികൾക്കും പിന്തുണ ലഭിക്കുന്നതിനും അവർക്ക് തടസ്സമില്ലാതെ നടുത്തളത്തിൽ വന്ന് അവതരണങ്ങൾ നടത്താനും സഹായകമായ വിധത്തിൽ ഒന്നാം ക്ലാസ്സ് ക്രമീകരിക്കുക.
* ഒന്നാം ക്ലാസിന്റെ പഠനാന്തരീക്ഷം ആകർഷകമാക്കുക.

# ജൂൺ മാസ പ്രവർത്തനങ്ങൾ

* പൂർണ്ണ പങ്കാളിത്ത ക്ലാസ്. പി.ടി.എ.
* വായനോത്സവവും കലാമേളയും.
* ഒന്നൊരുക്കാം [സന്നദ്ധത പ്രവർത്തനങ്ങൾ].
* വായനാക്കാർഡുകൾ.
* സംയുക്ത വിലയിരുത്തൽ.

ഓരോ പ്രവർത്തനത്തിന്റെയും ലക്ഷ്യങ്ങളും ഉപപ്രവർത്തനങ്ങളുടെ വിശദാംശങ്ങളും തുടർന്ന് നൽകുന്നു.

# ജൂലൈ

## പ്രവർത്തനങ്ങൾ.

* സംയുക്ത ഡയറി എഴുതാൻ സഹായമൊരുക്കൽ.
* കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
* വായനമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
* പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്ത് നോക്കാനും അവസരം ഒരുക്കുന്നു.
* ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ച് വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
* ചിത്രവായനയ്ക്ക് അവസരം നൽകുന്നു. വാചികമായി പറയാനും അവസരം ഒരുക്കുന്നു

# ഓഗസ്റ്റ്

## പ്രവർത്തനങ്ങൾ

* സംയുക്തഡയറി എഴുത്ത് തുടരുന്നു.
* പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
* ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ, ചിത്രവായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു.
* രചനോത്സവത്തിൽ കുട്ടികൾക്ക് സ്വതന്ത്ര രചന

നടത്താൻ അവസരം നൽകുന്നു.

* ദ്രുതവായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
* ആശയഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

### പ്രവർത്തനങ്ങൾ

* സംയുക്തധ്വനി മെച്ചപ്പെടുത്താൻ അവസരം നൽകുന്നു.
* സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്തധ്വനി മെച്ചപ്പെടുത്തുന്നു.
* അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
* വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
* കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

## ഒക്ടോബർ

### പ്രവർത്തനങ്ങൾ

* വായനോത്സവം സംഘടിപ്പിക്കുന്നു.
* ആസ്വാദ്യകരമായ വായന നടത്തുന്നു.
* ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
* രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു

* ഭാഷാ പ്രവർത്തനങ്ങൾ സർഗ്ഗാത്മകവും സജീവവുമാകുന്നു.
* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒരെണ്ണം സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.

നവംബർ

പ്രവർത്തനങ്ങൾ

* സംയുക്തങ്ങളായി എഴുത്ത് മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
* കൂട്ട് വായന, വീട്ടുവായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
* വായനോത്സവം തുടങ്ങുന്നു.
* പത്ര വായനയ്ക്ക് അവസരം ഒരുക്കൽ.
* താളാത്മകമായി കവിതകൾ ചൊല്ലൽ.
* ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
* ദൈനംദിന അനുഭവങ്ങൾ വാർത്താരൂപത്തിൽ തലക്കെട്ട് എഴുതുന്നു
* ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

പ്രവർത്തനങ്ങൾ

* ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും രസകരവുമായി അവതരിപ്പിക്കുന്നു.
* രചനാശേഷി പരിപോഷിപ്പിക്കൽ.
* ദൈനംദിന സംഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
* രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറുഗ്രൂപ്പുകളായി

തിരിഞ്ഞ് പരസ്പരം സഹായിച്ച് കൂട്ടെഴുത്ത്
നടത്തുന്നു.
ലഘു കവിതകൾ, കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു
കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്ന്
പോകാതെ പറയാനും എഴുതാനും കഴിയുന്നു.
സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണ
തയോടെ എഴുതാൻ കഴിവ് നേടി രചനാപ്രവർത്തനങ്ങളിൽ
ഏർപ്പെടുന്നു.
- പരസ്പരം ചിന്തകൾ ഇഴചിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പി
ക്കുന്നു.
സംയുക്തഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു

## ജനുവരി

<u>പ്രവർത്തനങ്ങൾ</u>

കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്ന
തിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- കുട്ടികൾ എഴുതിയ ചെറുകവിതകൾ, കഥകൾ എന്നിവയുടെ
പ്രകാശനം.
+ കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിന് മുന്നിൽ
അവതരിപ്പിക്കുന്നു.
+ ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള
അവസരം ഒരുക്കു.
+ ദിനാഘോഷവേളയിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം
ഉറപ്പാക്കുന്നു.
+ സ്വന്തമായി രചനകൾ നടത്തി പുസ്തകൾ രൂപപ്പെടുത്തുന്നു.
* കുട്ടികളുടെ സ്വതന്ത്രരചനകൾ ചേർത്ത് കൂട്ടെഴുത്ത്
പുസ്തകം തയ്യാറാക്കുന്നു

മികവുകൾ സമൂഹത്തിന് മുന്നിൽ പ്രകടിപ്പിക്കുന്നു.

## ഫെബ്രുവരി

### പ്രവർത്തനങ്ങൾ

ഭാഷോത്സവം, രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു
ആശയപൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
കുട്ടികളുടെ മികവുകൾ സമൂഹത്തിന് മുൻപിൽ പ്രകടിപ്പിക്കുന്നു.

## മാർച്ച്

### പ്രവർത്തനങ്ങൾ

കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ പുസ്തക രൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
വീട്ടുവായന, കൂട്ട വായന, അമ്മ വായന, ചങ്ങല വായന, സ്വതന്ത്ര വായന ഇവയ്ക്ക് പ്രോത്സാഹനം നൽകുന്നു.
ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

### വിലയിരുത്തൽ പ്രവർത്തനങ്ങൾ

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര രചനകളെ വായനാകാർഡുകളായി മാറ്റിയിട്ടുണ്ട്.

മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു

## രണ്ടാം ക്ലാസ്

### പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
* ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

### മുന്നൊരുക്കം

- കുട്ടിയുടെ നിലവാരം മനസിലാക്കുന്നു
- കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ പരിമിതികൾ എന്നിവ CPTA നടത്തി ആവശ്യമായ പിന്തുണ ഉറപ്പാക്കൽ.

## ജൂൺ

- ചിത്രകാർഡുകൾ നൽകൽ
- ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
- വായന സാമഗ്രികൾ നിർമിക്കൽ
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

## ജൂലൈ

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
- സ്കൂൾ ലൈബ്രറി ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

## ആഗസ്ത്

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ, രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ.
- വീട്ടു ലൈബ്രറി ഒരുക്കൽ
- ചിത്രവിവരണം.
- വായനയിലൂടെ വ്യത്യസ്ത വ്യവഹാര രൂപങ്ങളിലേക്കെത്തിച്ചേരൽ.

## സെപ്റ്റംബർ

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- വായിച്ച കഥയിൽ നിന്ന് സംഭാഷണം തയ്യാറാക്കൽ.
- വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ

- വായിച്ച കഥാരംഗങ്ങളുടെ രംഗാവിഷ്കാരം ചെയ്യൽ

**ഒക്ടോബർ**

- കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം.
- വിവിധതരം പതിപ്പുകൾ തയ്യാറാക്കൽ.

**നവംബർ**

- കുട്ടികൾക്ക് സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം നൽകുന്നു.

**ഡിസംബർ**

- ഭാഷയുടെ വിവിധതലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
- ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം നൽകുന്നു.

**ജനുവരി**

- വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനും അവസരമൊരുക്കൽ.
- ലഘു വിവരണങ്ങൾ എഴുതുന്നതിനുള്ള അവസരം ഒരുക്കൽ.

**ഫെബ്രുവരി**

- എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ

## മാർച്ച്

- വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ
- മാഗസിൻ തയ്യാറാക്കൽ.
- വീട്ടുവായന, അമ്മവായന ഇവ പ്രോത്സാഹിപ്പിക്കൽ
- ക്ലാസ് ലൈബ്രറി ശക്തമാക്കൽ - വായന പ്രോത്സാഹിപ്പിക്കൽ.

ക്കാദമിക മാസ്റ്റർ പ്ലാൻ

ണിതം - II

മുഖം — ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി
കാര്യം ചെയ്യുക എന്ന ലക്ഷ്യത്തിൽ അടിസ്ഥാനമാക്കിയുള്ള
ദ്ധതികളാണ് ഈ വർഷവും മുന്നോട്ട് വെക്കുന്നത്.
ത്ത പഠനനേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട്
ണ്ട് തന്നെയാകണം കുട്ടി പഠിക്കേണ്ടത്.

പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ കുട്ടികളെ 100 വരെയുള്ള സംഖ്യാ ബോധം
സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം,
പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പിക്കൽ
സംഖ്യാ ബോധവും ക്രിയാ ശേഷികളും എല്ലാവരിലും
കൈവരിക്കുന്നതിന്.

ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു
പറയുന്നു.

ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തി-
ൽ ഉത്തരങ്ങൾ കൈ വരിക്കാനാവും എന്ന് തിരിച്ചറിയുന്നു.

പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു.

ഒന്നാറു ഞം - ഗണിതാശയങ്ങളിൽ കൂടി [illegible] [illegible]
തിരിച്ചറിയാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

ജൂൺ - [1, 2, 3, 4, ...], [1, 3, 5, 7, ...], [10, 20, 30, ...]
തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാ ബോധം കണ്ടെത്തൽ.
ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ
തൊട്ടു മുമ്പത്തെ സംഖ്യയും കിട്ടുമെന്ന തിരിച്ചറിവ്.

→ ജൂലൈ - ഒരു കൂട്ടം വസ്തുക്കളോട് അതേ കൂട്ടത്തിൽ പെട്ട
മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ
തുടർച്ചയായി എണ്ണി തുക എണ്ണം പറയൽ.
ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പിക്കൽ

→ ആഗസ്റ്റ് - വിവിധ പാറ്റേണുകൾ രൂപീകരിക്കൽ.
സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ (99 നോട് 1 കൂട്ടിയാൽ
100, 10 പത്തുകൾ ചേർന്നാൽ 100)

→ സെപ്റ്റംബർ - ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി
പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
വിശകലനാത്മക ചിന്തിക്കൽ
ക്ലാസിലൊരു ഒട ഗണിതാശയങ്ങൾ പ്രായോഗിക സന്ദർഭങ്ങളിലൂടെ
ഉറപ്പിക്കുന്നു.

→ഒക്ടോബർ- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക
പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
ഗുണന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക
പ്രശ്നങ്ങൾ പരിഹരിക്കൽ.
സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ. (5,10,15...)
→നവംബർ- സംഖ്യാബോധം തിരിച്ചറിവിൽ, സംഖ്യാ വ്യാഖ്യാനം
പ്രായോഗിക പ്രശ്നപരിഹാരത്തിനായി അബാക്കസ് നിർമിക്കൽ
നോട്ടുകളും നാണയങ്ങളും. തിരിച്ചറിയൽ
→ഡിസംബർ- രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി
വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.
→ജനുവരി- വിലവിവര പട്ടിക തയ്യാറാക്കൽ, വിവരങ്ങൾ
ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ
→ഫെബ്രുവരി- ഗണിതം ആസ്വാദ്യകരമാക്കാൻ ഗണിതാലാപനം
ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കുന്നു.
→മാർച്ച്- കലണ്ടർ പതിപ്പ് തയ്യാറാക്കുന്നു.
കലണ്ടറിലെ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്
കലണ്ടർ സംഖ്യാബന്ധങ്ങളും പാറ്റേണുകളും രൂപീകരിക്കൽ
ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നങ്ങളിലൂടെ കൈകാര്യം
ചെയ്യാൻ പ്രാപ്തരായി കഴിയുക.

CLASS-2

# ENGLISH

Aim: To speak, Read and write English without any mistake

Time: June, July, August.

June

To develop listening skills and reading skills first

## Listening skills.

* Games, Action songs Hello english Activities, conversations, skit, stories use ICT

## speaking Skills

* Descriptions growing sentences, picture reading. picture description self introduction. Assembly Activities - speech. book review, quiz riddles. self introduction. ~~school radio~~

July and August

## Reading Skills

* News paper reading, Library books, reading book review. reading breaking news.

## Writing Skills

* Make word web, Picture description, words chain sentence chain, make words and sentences make riddles, diary, description

## ഗണിതം

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രവർത്തനങ്ങളായും കണ്ണിചേർത്തുകൊണ്ടാണ് ഗണിതപഠനം എന്ന രീതിയിലാണ് മൂന്നാം ക്ലാസ്സിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താൽപര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തിചിന്ത, വിശകലനാത്മക ചിന്ത, പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന് ജ്യാമിതി സഹായകരമാണ്. അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി പ്രയോജനപ്രദമാണ്. സ്ഥലപരവും ദിശാപരവുമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിലും ജ്യാമിതി പ്രധാന പങ്കുവഹിക്കുന്നുണ്ട്. ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും നിത്യജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടിവരുന്ന പ്രയോ

ഗിക സന്ദർഭങ്ങളിൽ അത് ഉപയോഗിച്ച ടുത്താനും. മൂന്നാം ക്ലാസിലെ ഗണിത പഠന ലക്ഷ്യം വയ്ക്കുന്നു.

നിത്യജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു. രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലനക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാന വിലക്കനുസരിച്ച് പിരിച്ചെഴുതി സങ്കലന ക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യാനും ലക്ഷ്യമിടുന്നു. മനഃഗണിതത്തിന് പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>ജൂൺ - ജൂലൈ</u>

യൂണിറ്റ് 1 രൂപങ്ങൾ വരയ്ക്കാം

ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ

ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ തോരണം നിർമാണം, തോണി നിർമാണം (കളർ A4

വെജിറ്റബിൾ പ്രിന്റിംഗ്, ചതുരം വട്ടം ത്രികോണ
മെന്നീ രൂപങ്ങൾ ചേർത്തുവച്ച് ഇഷ്ടമുള്ള
രൂപങ്ങൾ കുട്ടികൾ നിർമിക്കുന്നു.

ജൂലൈ - ആഗസ്റ്റ്

ഓരോ കുട്ടിക്കും കണക്ക് പെട്ടി
ഗണിത ശില്പശാല നിർമിക്കേണ്ടത്
1 മുതൽ 100 വരെ എഴുതിയ നോട്ടുകൾ
എഴുതിയ ടോക്കൺ, കളിനോട്ടുകൾ
ഓരോ നോട്ടുകളും 10 എണ്ണം വീതം
കവറുകെട്ടുകൾ സംഖ്യാ സ്ട്രിപ്പുകൾ അബാ
കസ് നിർമാണം.

ആഗസ്റ്റ് - സെപ്തംബർ

പ്രായോഗിക പ്രശ്നങ്ങളുടെ നി
ർധാരണം.

ഒക്ടോബർ

സ്കെയിൽ നിർമാണം, കുട്ടികളുടെ
ഉയരം, തൂക്കം, വണ്ണം ക്ലാസ്സ്

നവംബർ, ഡിസംബർ

ഗുണന വസ്തുത കാർഡ് നിർമാണം

# English Masterplan.

AIM

To speak, Read, & Write English without any mistakes

Time :- June to March.

To check the vocabulary and writing skills of pupils

Activities

June and July

Pretest.

To develop listening skills and reading Skills.

Listening skills :

Games Action Songs.

* Hello English Activities
* Conversations
* Skit stories.
* use ICT

Speaking Skills

Identify the naming words from the picture

Identify the action words from the picture.

Make the Simple Sentences using the word about picture.

Growing Sentences picture reading self introductions

August and September

Develop the creative speaking and writing.

Reading skills.

Books reading.

Find words

collect and read past tense

Rhyming words.

TB Activities.

writing skills

make word web

Picture description

Word chain

Make words and sentences.

Make riddles, conversations

Add more lines.

October and November

To express thoughts, feelings, etc

Reading skills.

Library reading

• conversations, skit, stories, use ICT

Read notice Develop story

Writing skills

* Description, thoughts

December & January.

Develop the creative speaking and writing.

Reading skills

- Library books reading.
- conversations, skit, stories use ICT
- Develop story
- Reads dairy.

Writing skills

Diary

Announcement.

February & March

To improve the presentation power

Reading skills

Library books reading

Conversations, skit, stories.

Develop story.

Writing skills

- Diary
- Descriptions
- Thoughts
- Exibition.

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br>ആവശ്യമായ പഠനസാമഗ്രികൾ ഒരുക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം<br>ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തകപരിചയം വായനാക്കുറിപ്പ് | വായനാശേഷി വളർത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ<br>CPTA | PTA |
| എഴുതാം തെളിയാം<br>പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | എഴുത്ത് പരിപോഷിപ്പിക്കൽ | പ്രതിമാസം | SRG<br>ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| കണ്ടറിയാം<br>കേട്ടറിയാം | അറിവ്<br>ഡോക്യുമെന്ററിയിലൂടെ നേടൽ<br>(ICT) | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | | | | |
| രുചിച്ചറിയാം | നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ പരിചയപ്പെടൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ<br>PTA | |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്താൻ (ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ ചുമതല, നിയന്ത്രണം കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി: ഇംഗ്ലീഷ് ഭാഷാ പഠനം. | | | | |
| സർഗാത്മക പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (skit, Drama, conversation story telling) | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | SMC (School Management Committee) |
| ഇംഗ്ലീഷ് കൈയെഴുത്ത് ഇംഗ്ലീഷ് ഭാഷയിലുള്ള രചനാമികവ് | സ്കൂളിലെ വിശേഷദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് കത്ത് എഴുത്ത് | മാസത്തിൽ 1 | ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് കോർണർ<br><br>വായന പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനമൂല ഒരുക്കൽ<br>വായനാവേള ഒരുക്കൽ<br>വായനക്കുറിപ്പ്<br>പുസ്തകപരിചയം. | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| ഇംഗ്ലീഷ് ഫെസ്റ്റ്<br><br>ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനാമത്സരം<br>രചനാ മത്സരം<br>മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | അവധിക്കാലം | രക്ഷിതാക്കൾ | ,, |

## പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പ്രകൃതിനടത്തം<br>• നിരീക്ഷണം<br>• അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| ശാസ്ത്രമൂല:- ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| ശാസ്ത്രയാത്ര:- ശാസ്ത്രപഠനത്തിൽ താത്പര്യം ജനിപ്പിക്കൽ അന്വേഷണത്വര വളർത്തൽ | വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്ക്ലോർ അക്കാദമി സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA | PTA<br>രക്ഷിതാക്കൾ |
| ഭൂപടമൊരുക്കാം:- കേരളം, ഇന്ത്യ ഭൂപടവായന സൂചിക പരിചയപ്പെടൽ | ഭൂപടവായന<br>ഭൂപടരചന<br>സൂചികാനിർമ്മാണം | വർഷത്തിൽ ഒന്ന് | SRG<br>ക്ലാസ്ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| ശാസ്ത്രവിസ്മയ ചുമർ<br>ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ്ടീച്ചർ | PTA |
| ശാസ്ത്രോത്സവം<br>ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗ | പതിപ്പ്, ചാർട്ട് തയ്യാറാക്കൽ, പഠനോപകരണം, പരീക്ഷണം - ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ്ടീച്ചർ | PTA |
| ~~[illegible]~~ | | | | |

## ഗണിതം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ മൂല്യനിർണ്ണയം (കോണിയും പാമ്പും, ഡയസ് കളി, സങ്കലനം-വ്യവകലനം, കച്ചവടക്കളി) | ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയ) | വർഷം മുഴുവൻ | SRG ക്ലാസ്ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം<br>ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം | ഗണിതശാസ്ത്ര പഠനം രസകരമാക്കൽ | ഉചിത സമയത്ത് | ക്ലാസ് ടീച്ചർ | PTA |
| ഗണിതപഠനോപകരണ ശില്പശാല പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | | | |
| ഗണിതമേള | ഗണിതശേഷികളുടെ പ്രകടനം | വർഷത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | PTA |

PAVITHRAN. M.T
BLOCK PROJECT CO-ORDINATOR
SSK
BRC KUNNUMMAL
P.O. VATTOLI, PIN-673507

15/7/25